**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – അത്തോളി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ അഞ്ചാമത് ഗഡുവായി അനുവദിച്ചതും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക പുന:രനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

സ.ഉ. (സാധാ) നം. 4230/2019/ധന തിരുവനന്തപുരം, തീയതി, 04/06/2019

---

പരാമർശം: 1. സ.ഉ. (സാധാ) നം.6482/2018/ധന തീയതി 31/07/2018

2. അത്തോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/01/2019 ലെ എ1-1/19 നമ്പർ കത്ത്

3. 17/05/2019 തീയതിയിലെ ട്രഷറി ഡയറക്ടറുടെ ഇ 2/7571/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അത്തോളി ഗ്രാമപഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം പരാമർശം (1) പ്രകാരം പൊതു ആവശ്യ ഫണ്ടിന്റെ അഞ്ചാമത് ഗഡുവായി അനുവദിച്ചതും മുൻ വർഷത്തെ ബിൽ മാറിയത് കാരണം മതിയായ അലോട്ട്മെന്റ് ഇല്ലാതെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക പുന:രനുവദിക്കണമെന്ന് അത്തോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (3) പ്രകാരം ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത്തോളി ഗ്രാമപഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ അഞ്ചാമത് ഗഡുവായി അനുവദിച്ചതും ആ വർഷം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുകയായ 8,59,750/- രൂപ (എട്ട് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) '3604-00-200-88-(05)-35 NP' എന്ന ശീർഷകത്തിൽ നിന്നും പുന:രനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ.ബി.**

**ജോയിൻറ് സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത്, വേളൂർ - 673315
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ളിയു-ജെ/ ഡെവലപ്. വിംഗ്/എസ്.എസ്) വകുപ്പ്
കരുതൽഫയൽ/ ഓഫീസ് പകർപ്പ് (ഇ- 1156368)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ